സർക്കാർ കോർട്ടേഴ്സിൽ വാടക വർദ്ധനവ്

1622. [2414] ശ്രീ. ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാം ശമ്പള പരിഷ്കരണത്തെ തുടർന്ന് സർക്കാർ കോർട്ടേഴ്സുകളിൽ താമസിക്കുന്നവർക്ക് വാടകയിനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്ത് ;

(സി) ഇത് സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ഇ) ക്രമാതീതമായ വാടക വർദ്ധന ലഘൂകരിക്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിസ്ഥാന ശമ്പളത്തിന്റെ വർദ്ധനവ്.

(സി) ഉണ്ട്.

(ഡി) നിവേദനങ്ങൾ പരിശോധിച്ചതിൽ പുതിയ ഒരു നടപടിയും സ്വീകരിക്കേണ്ടതായി ബോദ്ധ്യപ്പെട്ടിട്ടില്ല.

(ഇ) അടിസ്ഥാന ശമ്പള വർദ്ധനവ് കാരണമുണ്ടായ ഈ വർദ്ധനവ് ക്രമാതീതമല്ല.

സ്വകാര്യ പണമിടപാട് നിരോധിക്കാൻ നടപടി

1623. [2415] ശ്രീ. കെ. കെ. തോമസ് :
,, രാഘവൻ പൊഴകടവിൽ :
,, ജി. കാർത്തികേയൻ :
,, സ്റ്റീഫൻ പാദുവ :
,, എ. സി. ജോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലേഡ് കമ്പനികളുടെ സ്വകാര്യ പണമിടപാട് നിരോധിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇവയെല്ലാം കൂടി എത്ര കോടി രൂപയുടെ പണമിടപാട് നടത്തുന്നതായി ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്?

ഉത്തരം

(എ) 1958-ലെ കേരളാ മണിലെൻഡേഴ്സ് ആക്റ്റ് പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പണമിടപാടുകൾ നിരോധിക്കുന്നതിന് നിയമമില്ല. പക്ഷേ നിർദ്ദിഷ്ട നിയമങ്ങൾ ലംഘിക്കുന്ന കേസ്സുകളിൽ നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളാറുണ്ട്.

(ബി) പൂർണ്ണമായ വിവരം ലഭ്യമല്ല.

2/1931/87/V.

LIBRARY ARCHIVES Kerala Legislative Assembly